(ii) സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. എ. വി. താമരാക്ഷൻ: Sir, I present the fifth report of the Committee on Subordinate Legislation.

The report was adopted.

(iii) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. പി. കെ. വേലായുധൻ: സർ, പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ 10-ാമത് റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

VI. അവകാശലംഘന പ്രമേയം

1981 ആഗസ്റ്റ് 5-ലെ ദേശാഭിമാനിയിലെ ചില വാർത്തകൾ

മി. സ്പീക്കർ: ഈ മാസം 5-ാം തീയതിയിലെ ദേശാഭിമാനി പത്രത്തിൽ വന്ന ചില വാർത്തകളെ സംബന്ധിച്ച് ഒരു അവകാശലംഘന പ്രമേയത്തിൽ ശ്രീ.പി. ജെ. ജോസഫ് ഇന്നലെ നോട്ടീസ് നൽകിയിട്ടുണ്ട്. അതു സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

VII. നിയമനിർമ്മാണകാര്യം

1981-ലെ കേരള ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച ബിൽ (തുടർച്ച)

മി. സ്പീക്കർ: ഇന്ന് രണ്ടുമണിക്കൂർകൊണ്ട് ഈ ബില്ലിന്റെ പരിഗണന പൂർത്തിയാക്കണം. മറ്റ് ചില നിയമനിർമ്മാണങ്ങൾകൂടി ഉണ്ട്.

ശ്രീ. ജി. വരദൻ: എന്റെ ഭേദഗതിയുണ്ട് സംസാരിക്കാൻ അവസരം തരണം.

മി. സ്പീക്കർ: കഴിയുന്നത്ര എല്ലാ മെമ്പർമാർക്കും അവസരം കൊടുക്കണം. അതുകൊണ്ട് സംസാരിക്കുന്ന അംഗങ്ങൾ സമയം പരിമിതപ്പെടുത്താൻ ശ്രമിക്കണം.

മി. സ്പീക്കർ: ശ്രീ. പീതാംബരൻ മാസ്റ്റർക്ക് സംസാരിക്കാം. ഇന്നലെ കുറെ കാര്യങ്ങൾ പറഞ്ഞതാണ്. അതുകൊണ്ട് കുറച്ച് പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുടെ എണ്ണം കുറയ്ക്കുക എന്നുള്ള ലക്ഷ്യമാണ് ഇതിനകത്തുള്ളത്. അതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ച സംഗതി എന്താണ്? ഇതിനകത്ത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

Page 1